# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 17, തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 351)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | 1609 മുതൽ 1731 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | 1732 മുതൽ 1801 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി | 1802 മുതൽ 1933 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 1934 മുതൽ 1959 വരെ |

ജനസമ്പർക്ക പരിപാടി-പാലക്കാട് ജില്ലയിലെ പരാതികൾ

1609 ശ്രീ.വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ പാലക്കാട് ജില്ലയിൽ നിന്ന് ലഭിച്ച അപേക്ഷകളിൽ ഇനിയും തീർപ്പാക്കാത്തവ എത്രയെന്ന് വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) തീർപ്പാക്കാത്ത അപേക്ഷകളിന്മേൽ ഇനി എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ജനസമ്പര്‍ക്ക പരിപാടിയുടെ 2-ാം ഘട്ടം</u>

1610 ശ്രീ. വി. ഡി. സതീശന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, ലൂഡി ലൂയിസ്
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജനസമ്പര്‍ക്ക പരിപാടിയുടെ രണ്ടാംഘട്ടം ആരംഭിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) രണ്ടാം ഘട്ട പരിപാടിയില്‍ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്;

(സി) പരാതികള്‍ വേഗത്തില്‍ പരിഹരിക്കാന്‍ എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നത്;

(ഡി) ഏതെല്ലാം ഏജന്‍സികളാണ് ഇതുമായി സഹകരിക്കുന്നത് ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടിയുടെ ചെലവ്</u>

1611 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയ്ക്ക് വേണ്ടി മൊത്തം ചെലവായ തുക എത്ര കോടി ആയിരുന്നു?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>നടപ്പിലാക്കാനുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങൾ</u>

1612 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ മുഖ്യമന്ത്രിയുടെ വകുപ്പുകളുമായി ബന്ധപ്പെട്ട് ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇനിയും നടപ്പിലാക്കാൻ കഴിയാത്തവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) 2012-13-ൽ ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക എത്രയെന്നും ചെലവഴിക്കാൻ സാധിക്കാതെപോയ തുക എത്രയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ പാസ്പോർട്ട് സേവാകേന്ദ്രം</u>

1613 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പാസ്പോർട്ട് സേവാകേന്ദ്രം അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, പാസ്പോർട്ട് സേവാകേന്ദ്രം കാഞ്ഞങ്ങാട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>മോഡണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാം</u>

1614 ശ്രീ.എ.കെ.ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോഡണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാം (എം.ജി.പി) എന്നാണ് സംസ്ഥാനത്ത് ആരംഭിച്ചത്;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി ഇപ്പോഴും തുടരുന്നുവോ; ഇല്ലെങ്കിൽ എന്നാണ് അവസാനിപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് വിദേശ സാമ്പത്തിക സഹായം ലഭിച്ചിരുന്നോ; എങ്കിൽ എത്ര രൂപ ലഭിച്ചു; പണം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കുമോ;

(ഇ) ഏതെല്ലാം വകുപ്പുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയത്; എത്ര രൂപാ ചെലവഴിച്ചു; എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കിയത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) പദ്ധതി നടപ്പാക്കിയ ഏജൻസി ഏതായിരുന്നു;

(ജി) പദ്ധതിയുടെ അവലോകനമോ, ഓഡിറ്റിംഗോ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള പദ്ധതികൾ</u>

1615 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം കാസർഗോഡ് ജില്ലയിൽ ഈ വർഷം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>സമ്മേളന ദിവസങ്ങളിലെ പെരുമാറ്റച്ചട്ടം</u>

1616

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സമ്മേളനങ്ങൾ ചേരുന്ന ദിവസങ്ങളിൽ ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിമാർ നിയോജക മണ്ഡലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി സംസ്ഥാന സർക്കാരിന് നിയന്ത്രണാധികാരങ്ങൾ ഉള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി പരിപാടികൾ നടത്തുവാൻ പാടില്ലെന്ന് കാണിച്ച് പൊതുഭരണ വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കർശനമായ ഉത്തരവ് ഇറക്കുമോ;

(സി) പാർലമെന്റ് അംഗങ്ങളുടെ യോഗത്തിൽ ഇത് അജൻഡയായിവച്ച് ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാർക്കും സഹമന്ത്രിമാർക്കും നിയമസഭ ചേരുന്ന ദിവസം പരിപാടികൾ നടത്തുവാൻ പാടുള്ളതല്ലെന്ന് അവരെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>യാക്കോബാസഭ – ഓർത്തഡോക്സ് സഭ തർക്കം പരിഹരിക്കാൻ രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി</u>

1617 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യാക്കോബാസഭ – ഓർത്തഡോക്സ്സഭ തർക്കം പരിഹരിക്കാൻ രൂപീകരിച്ച മന്ത്രിസഭാ ഉപസമിതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഉപസമിതിയിൽ നിലവിൽ എത്ര അംഗങ്ങളുണ്ട്;

(സി) കൂടുതൽ മന്ത്രിമാരെ ഉൾപ്പെടുത്തി സമിതി വിപുലീകരിച്ചിട്ടുണ്ടോ ;

(ഡി) നിലവിൽ സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണ് ;

(ഇ) പ്രസ്തുത സമിതി ഇതിനകം എത്ര തവണ യോഗം ചേർന്നു; യോഗങ്ങളിൽ ആരെല്ലാം പങ്കെടുത്തു;

(എഫ്) പ്രശ്ന പരിഹാരത്തിന് സമിതി മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ;

(ജി) സമിതിയുടെ പ്രവർത്തനഫലമായി ഏതെങ്കിലും തർക്ക പ്രശ്നങ്ങൾ പരിഹരിക്കാനോ പൂട്ടിക്കിടന്ന പള്ളികൾ തുറക്കാനോ സാധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>മണൽ, ഭൂമി, സ്പിരിറ്റ് മാഫിയകളുമായി ബന്ധമുള്ള ഉദ്യോഗസ്ഥർ</u>

1618 ശ്രീ.വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മണൽ, ഭൂമി, സ്പിരിറ്റ് മാഫിയകളുമായി ബന്ധമുള്ള ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ ബന്ധമുള്ള എത്ര ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ട്; ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിക്കുന്ന ഉദ്യോഗസ്ഥരെ നിരീക്ഷിക്കുന്നതിന് ഏതെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

കേരളത്തിലെ ജീവനക്കാരുടെ വിവരങ്ങൾ

1619 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ;

(ബി) ജീവനക്കാരിലെ അഴിമതിക്കാരുടെ പട്ടിക ഇന്റലിജൻസ് റിപ്പോർട്ടിനെ ആധാരമാക്കി തയ്യാറാക്കിയിട്ടുണ്ടോ ;

(സി) അഴിമതിക്കാരായ ഉദ്യോഗസ്ഥരെ പ്രധാന തസ്തികകളിൽ നിയമിക്കുന്നതിനെതിരെ നിയമം കൊണ്ടുവരുന്നത് പരിഗണിക്കുമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>സര്‍വ്വീസ് സംഘടനകള്‍ക്ക് അംഗീകാരം നല്‍കുന്നതിനുള്ള മാനദണ്ഡങ്ങള്‍</u>

1620 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍വ്വീസ് സംഘടനകള്‍ക്ക് അംഗീകാരം നല്‍കുന്നതിനുള്ള മാനദണ്ഡങ്ങള്‍ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര സര്‍വ്വീസ് സംഘടനകള്‍ക്ക് അംഗീകാരമുണ്ടെന്നും അവയുടെ പേരു വിവരവും വെളിപ്പെടുത്തുമോ;

(സി) അംഗീകാരം ലഭിക്കുന്നതിന് എത്ര അപേക്ഷകള്‍ പരിഗണനയിലുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>സേവനാവകാശം നടപ്പിലാക്കിയ വകുപ്പുകൾ</u>

1621 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നടപ്പിലാക്കിയ വകുപ്പുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഈ വർഷം പുതുതായി ഏതെല്ലാം വകുപ്പുകൾ കൂടിയാണ് ഉൾക്കൊളളിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) സേവനാവകാശ നിയമം നടപ്പിലാക്കിയ വകുപ്പുകളിൽ സമയബന്ധിതമായി എത്ര സേവനങ്ങൾ നല്കിയെന്ന് വകുപ്പ് തിരിച്ച് വിശദമാക്കുമോ;

(ഡി) ഈ നിയമത്തിൽ എത്ര വകുപ്പുകൾ വീഴ്ച വരുത്തിയെന്നും ഇവർക്കെതിരെ എന്ത് ശിക്ഷാ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ഹൈസ്പീഡ് മറൈൻ എക്സ്പ്രസ് ഹൈവേ</u>

1622 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈസ്പീഡ് മറൈൻ എക്സ്പ്രസ് ഹൈവേ നിർമ്മിക്കുവാൻ തിരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ചരക്കു ഗതാഗതത്തിനു വേണ്ടിയുള്ള ഈ കടൽപ്പാതയ്ക്കുവേണ്ടി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) എന്നുമുതൽ ഈ പാത ഉപയോഗിക്കുവാൻ സാധിക്കുമെന്നും ഈ പാതയിലൂടെ ചരക്കുകൾ കൊണ്ടുപോകാൻ ആവശ്യമായ സമുദ്രയാനങ്ങൾ കേരളത്തിൽ ലഭ്യമാണോ എന്നും വിശദീകരിക്കാമോ;

(ഡി) ഹൈസ്പീഡ് മറൈൻ വേയുടെ കയറ്റിറക്കു സൗകര്യങ്ങൾ ഏതെല്ലാം പ്രദേശങ്ങളിലാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>അന്വേഷണ കമ്മീഷനുകൾ</u>

1623 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പത്ത് വർഷക്കാലയളവിനുള്ളിൽ നിയമിച്ച അന്വേഷണ കമ്മീഷനുകളെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അന്വേഷണ കമ്മീഷനുകളിൽ നടപടി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചവയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇനിയും റിപ്പോർട്ടുകൾ സമർപ്പിക്കാനുള്ളവയെ സംബന്ധിച്ച വിശദവിവരം അറിയിക്കുമോ;

(ഡി) ഓരോ അന്വേഷണ കമ്മീഷന്റെയും പ്രവർത്തനത്തിന് നാളിതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ്</u>

1624 ശ്രീ. വി. എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവായി ശ്രീ. ഷാഫി മേത്തർ ചുമതലയേറ്റത് എന്നാണ്; സാമ്പത്തിക ഉപദേഷ്ടാവ് എന്ന നിലയിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; ഇദ്ദേഹത്തിന് എന്തെങ്കിലും പ്രത്യേക പദവി നൽകിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(ബി) സാമ്പത്തിക ഉപദേഷ്ടാവായി ചുമതലയേറ്റ ശേഷം ഇദ്ദേഹം എത്ര വിദേശരാജ്യങ്ങൾ സന്ദർശിച്ചു; ഇതിനായി ചെലവഴിച്ച തുക എത്ര; എന്തെല്ലാം ആവശ്യങ്ങൾക്കു വേണ്ടിയാണ് വിദേശ പര്യടനം നടത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) ഇന്ത്യയിലെ ഏതെല്ലാം പ്രധാനപ്പെട്ട നഗരങ്ങൾ ഇദ്ദേഹം സന്ദർശിച്ചിട്ടുണ്ട്; ഈ സന്ദർശനങ്ങൾക്കായി ചെലവഴിച്ച തുക എത്ര; ഈ സമയത്തു താമസാവശ്യത്തിനായി മാത്രം ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>കോർപറേഷൻ/ബോർഡ് ചെയർമാൻമാർക്ക്</u>
<u>എക്സിക്യൂട്ടീവ് പദവി</u>

1625 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം കോർപറേഷൻ/ബോർഡ് ചെയർമാൻമാർക്ക് എക്സിക്യൂട്ടീവ് പദവി ഉണ്ട് എന്നറിയിക്കാമോ;

(ബി) കോർപറേഷൻ/ബോർഡ് ചെയർമാൻമാരുടെ വാഹനത്തിന് വെക്കേണ്ട ബോർഡ് സംബന്ധിച്ച് നിയമം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ചെയർമാൻ എന്നതിന് പകരം കേരള സർക്കാർ എന്ന ബോർഡ് വാഹനത്തിന് ഉപയോഗിക്കുവാൻ അനുവാദമുണ്ടോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

**സർക്കാരിതര സംഘടനകൾക്ക് വിദേശത്ത് നിന്നുള്ള ധനസഹായം**

1626

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം സർക്കാരിതര സംഘടനകളാണ് വിദേശത്ത് നിന്നുള്ള ധനസഹായം സ്വീകരിക്കുന്നത് എന്നുള്ള കണക്ക് ലഭ്യമാണോ;

(ബി) എങ്കിൽ ഈ സാമ്പത്തിക വർഷത്തിൽ (2012 –13) ഏതെല്ലാം സർക്കാരിതര സംഘടനകൾ ഇതുവരെ വിദേശ് ധനസഹായം സ്വീകരിച്ചിട്ടുണ്ടെന്നും, എത്ര വീതമാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>10 വർഷം തുടർച്ചയായി ജോലി നോക്കിവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി</u>

1627 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ 10 വർഷം തുടർച്ചയായി ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വിവിധ വകുപ്പുകളിൽ വരുന്ന ഒഴിവുകളിൽ താൽക്കാലിക നിയമനം നടത്താതെ പി.എസ്.സി. മുഖാന്തിരം നിയമനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റം</u>

1628 ശ്രീ. കെ. മുരളീധരൻ
,, എം. എ. വാഹീദ്
,, വർക്കല കഹാർ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഡിജിറ്റൽ ഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) നിലവിലുള്ള ഫയൽ സംവിധാനത്തിൽ നിന്ന് എന്തെല്ലാം മാറ്റങ്ങളാണ് ഡിജിറ്റൽ ഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റം വഴി ഉണ്ടാകുന്നത്; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം</u>

1629 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ദിവസ വേതനാടിസ്ഥാനത്തിൽ 2011 ജൂൺ മുതൽ 2013 ജൂൺ 1 വരെ എത്ര പേരെ നിയമിച്ചിട്ടുണ്ട് ; പ്രസ്തുത നിയമനങ്ങൾക്കു സ്വീകരിച്ച മാനദണ്ഡം എന്താണ് ;

(ബി) 1.3.2011–ലെ ജി.ഒ. (എം.എസ്) നമ്പർ 79/2011/ജി.എ.ഡി എന്ന ഉത്തരവ് നിലനിൽക്കെ പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി 21.5.2013–ൽ സഉ (കൈ) നമ്പർ 142/2013/പൊ.ഭ.വ. ഉത്തരവു പുറപ്പെടുവിക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ ;

(സി) ക്രമവിരുദ്ധമായി 21.5.2013 –ൽ പ്രസ്തുത ഉത്തരവു പുറപ്പെടുവിച്ച പൊതുഭരണ (സർവ്വീസസ് – സി) വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേര്, തസ്തിക എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>കെട്ടിക്കിടക്കുന്ന അപേക്ഷകൾ</u>

1630

ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലും ജില്ലാ കളക്ട്രേറ്റുകളിലും മറ്റ് ജില്ലാ ഓഫീസുകളിലും കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പ് കല്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഫയലുകൾ തീർപ്പ് കല്പിക്കുന്നതിൽ ബ്രിട്ടീഷ് ഭരണകാലത്ത് നിലനിന്നിരുന്ന രീതികൾ പരിഷ്കരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ആശ്രിത നിയമനം</u>

1631 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ ആശ്രിത നിയമനം മുഖേന ജോലി ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകർ നിലവിലുണ്ടെന്ന് സീനിയോറിറ്റി ലിസ്റ്റ് സഹിതം അറിയിക്കാമോ ;

(ബി) പ്രസ്തുത അപേക്ഷകർക്ക് അടിയന്തിരമായി ജോലി നൽകുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>ചട്ടവിരുദ്ധ നിയമനങ്ങൾ റദ്ദാക്കുവാൻ നടപടി</u>

1632 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മാസത്തിനുശേഷം പൊതുഭരണ സെക്രട്ടേറിയറ്റിൽ ഹൗസ് കീപ്പിംഗ് സെക്ഷൻ മുഖേന ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുള്ളത് മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പു സെക്രട്ടറി, പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി എന്നിവരുടെ അനുമതിയോടു കൂടിയാണോ ;

(ബി) അല്ലെങ്കിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള ചട്ടവിരുദ്ധ നിയമനങ്ങൾ റദ്ദാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 17.06.2013–ലെ മറുപടിക്ക്

<u>ഗവണ്‍മെന്റ് സെക്രട്ടേറിയറ്റ് സാനിട്ടേഷന്‍ വിഭാഗത്തിലെ ജീവനക്കാരിയുടെ സസ്പെന്‍ഷന്‍</u>

1633 ശ്രീ. വി.ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുഭരണ സെക്രട്ടേറിയറ്റില്‍ സാനിട്ടേഷന്‍ വിഭാഗത്തില്‍ ബധിരയും മൂകയുമായ ബീന എന്ന ജീവനക്കാരിയെ സസ്പെന്റു ചെയ്യാനിടയായ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ദിവസവേതനാടിസ്ഥാനത്തില്‍ ജോലി ചെയ്യുന്ന ആശാലത എന്ന ജീവനക്കാരിയെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുന്ന ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍, ഹെല്‍ത്ത് അസിസ്റ്റന്റ് എന്നിവര്‍ക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

ശ്രീ. ജീമോന്റെ ആശ്രിത നിയമനം സംബന്ധിച്ച് നടപടി

1634 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2010–ല്‍ പോലീസ് വകുപ്പില്‍ സേവനമനുഷ്ടിക്കവെ നിര്യാതനായ വേലായുധന്‍ എന്ന വ്യക്തിയുടെ മകന്‍ ശ്രീ. ജീമോന്‍, മുലുപ്പുള്ളി ഹൗസ്, എരമംഗലം 2010–ല്‍ നം.93674/കെ3/10. (16455/കെ3/ഹോം) നല്‍കിയ അപേക്ഷ പ്രകാരം ജോലി ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യക്തിക്ക് ശേഷം അപേക്ഷ നല്‍കിയ അര്‍ക്കെങ്കിലും ജോലി ലഭ്യമാക്കിയിട്ടുണ്ടോ;

(സി) എല്‍.ഡി. ക്ലാര്‍ക്ക് തസ്തികയിലേക്ക് അപേക്ഷ നല്‍കിയ പ്രസ്തുത വ്യക്തിക്ക് എപ്പോള്‍ ജോലി നല്‍കാന്‍ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

**പൊതുമേഖല / അതോറിറ്റി / കൗൺസിൽ / ബോർഡ് തുടങ്ങിയവയിലെ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കൽ**

T1635 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖല / അതോറിറ്റി / കൗൺസിൽ / ബോർഡ് തുടങ്ങിയവയിലെ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയുടെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്നാണ് പ്രവർത്തനം തുടങ്ങിയത്;

(ഡി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ജീവനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള പെൻഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

ഗവൺമെന്റ് സെക്രട്ടേറിയേറ്റിലെ ഫയൽ ചോർത്തൽ

1636 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട് 20 വർഷത്തിലേറെയായി ഗവൺമെന്റ് സെക്രട്ടേറിയേറ്റിലെ ഫയൽ ചോർത്തുന്നു എന്ന മാദ്ധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെങ്കിലും മന്ത്രിമാർക്ക് ഇതുമായി എന്തെങ്കിലും ബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, വിശദാംശം നൽകുമോ;

(ഡി) ഏതെല്ലാം വിഷയങ്ങളിലുള്ള ഫയലുകളിലെ വിവരങ്ങളാണ് ഇപ്രകാരം തമിഴ്നാട് ചോർത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

എം.എൽ.എ.മാരുടെ പി.എ.മാർക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ

1637 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ പി.എ.മാർക്ക് വിവിധ സർക്കാർ ഓഫീസുകളിൽ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) മേൽ വിഷയം സംബന്ധിച്ച് പാർലമെന്ററികാര്യ വകുപ്പിൽ നിന്നും 18.02.2013-ൽ ഇറക്കിയ 441/എ2/2013 നമ്പർ പരിപത്രം എല്ലാ ഓഫീസുകളിലും സെക്ഷനുകളിലും ഓഫീസ് മേധാവികൾക്കും നൽകിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ; ഇതിന്റെ പകർപ്പുകൾ എല്ലാ എം.എൽ.എ.മാർക്കും ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>വികസന നയരേഖ</u>

1638 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, സണ്ണി ജോസഫ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. പി. സി. സി. അദ്ധ്യക്ഷന്റെ കേരളയാത്രയുടെ ഭാഗമായി തയ്യാറാക്കിയ വികസന നയരേഖ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം മേഖലകളാണ് നയരേഖയിൽ ഉൾപ്പെട്ടിട്ടുളളതെന്ന് വിശദമാക്കുമോ;

(സി) വികസന നയരേഖയിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ അന്യസംസ്ഥാന സന്ദർശനം</u>

1639 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്തെ മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർ മറ്റു സംസ്ഥാനങ്ങളിൽ എത്ര തവണ പര്യടനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഔദ്യോഗിക യാത്രകളെത്രയെന്നും സ്വകാര്യ യാത്രകളെത്രയെന്നും അറിയിക്കുമോ; യാത്രകൾക്കെല്ലാമായി ചെലവഴിച്ച തുകയെത്ര?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്</u>

1640

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാരുടെ ഓഫീസുകളിൽ എത്ര പേഴ്സണൽ സ്റ്റാഫ് ഉണ്ട്;

(ബി) വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും നിയമിക്കപ്പെട്ടവർ എത്ര;

(സി) മുഖ്യമന്ത്രിയുടേയും, മന്ത്രിമാരുടേയും സ്റ്റാഫിനായി ശമ്പളം, യാത്രാബത്ത എന്നീ ഇനങ്ങളിലായി 1.7.2011 മുതൽ 31.03.2013 വരെ എത്ര രൂപ സംസ്ഥാന ഖജനാവിൽ നിന്നും ചെലവഴിച്ചു; ഓരോ ഇനത്തിലും നൽകിയ തുക എത്രയെന്ന് പ്രത്യേകം കണക്ക് നൽകാമോ;

(ഡി) മുഖ്യമന്ത്രിയുടേയും, മന്ത്രിമാരുടേയും സ്റ്റാഫ് എത്ര സർക്കാർ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്; അതിന്റെ ചെലവിനായി 1.7.2011 മുതൽ 31.3.2013 വരെ എത്ര രൂപ സർക്കാർ ഖജനാവിൽ നിന്നും നൽകി; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>മന്ത്രിമാർ ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവർ കൈപ്പറ്റിയ യാത്രാപ്പടി</u>

1641 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതു വരെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവർ യാത്രാപ്പടിയായി കൈപ്പറ്റിയ തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 17.06.2013–ലെ മറുപടിക്ക്

<u>മന്ത്രി ശിവകുമാറിന്റെ വിദേശയാത്രാചെലവ്</u>

1642 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ് സർക്കാർ അധികാരമേറ്റ ശേഷം ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ നടത്തിയ വിദേശ യാത്രകൾ ഏതെല്ലാമാണെന്നും, അതിൽ ഔദ്യോഗികവും, അനൗദ്യോഗികവുമായവ എത്രയെന്നും പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ;

(ബി) എല്ലാ വിദേശയാത്രയ്ക്കും പൊളിറ്റിക്കൽ ക്ലിയറൻസ് മുൻകൂർ വാങ്ങിയതാണോ എന്നും അതിന്റെ വിശദാംശം എന്തെല്ലാമാണെന്നും ക്ലിയറൻസിൽപ്പറയുന്ന റൂട്ടിലൂടെയാണോ യാത്ര ചെയ്തത് എന്നും ഏതെല്ലാം റൂട്ടിൽ എന്നും വ്യക്തമാക്കുമോ;

(സി) മന്ത്രിയുടെ വിദേശ യാത്രയ്ക്ക് മാത്രം സർക്കാർ ഖജനാവിൽ നിന്നും എത്രയായെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

മന്ത്രിമാരുടെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും വസതികളുടെ പണി

1643 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാന മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ചീഫ് വിപ്പിന്റെയും ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണിക്കും മോടിപിടിപ്പിക്കലിനുമായി എന്ത് തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ വസതിയിലും എത്ര തവണ മോടിപിടിപ്പിക്കലും അറ്റകുറ്റപ്പണിയും നടത്തിയെന്ന് വ്യക്തമാക്കാമോ ;

(സി) ഔദ്യോഗിക വസതിക്കായി സർക്കാർ വാടകയ്ക്കെടുത്ത കെട്ടിടത്തിൽ നടത്തിയ പണികളുടെയും വാങ്ങിയ എല്ലാ സാധനങ്ങളുടെയും ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>മന്ത്രിമാര്‍, ഗവണ്‍മെന്റ് ചീഫ് വിപ്പ് എന്നിവര്‍ക്ക് സര്‍ക്കാര്‍ ചെലവില്‍ ലഭിക്കുന്ന സൗകര്യങ്ങള്‍</u>

1644 ശ്രീ. പി. കെ. ഗുരുദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുഖ്യമന്ത്രി, മന്ത്രിമാര്‍, ഗവണ്‍മെന്റ് ചീഫ് വിപ്പ് എന്നിവര്‍ക്ക് നിലവില്‍ സര്‍ക്കാര്‍ ചെലവില്‍ എന്തെല്ലാം സൗകര്യങ്ങള്‍ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആവശ്യങ്ങള്‍ക്കായി 2011-12 സാമ്പത്തിക വര്‍ഷത്തിലും 2012-13 സാമ്പത്തിക വര്‍ഷത്തിലും ഓരോര്‍ത്തര്‍ക്കും വേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശങ്ങള്‍ വെവ്വേറെ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ ഫോൺ, വൈദ്യുതി ചാർജ്</u>

1645 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ മന്ത്രിമാരുടെയും ഓഫീസിലെയും വീട്ടിലെയും ഒദ്യോഗിക ടെലിഫോണുകളുടെ ചാർജ്ജുകൾ എത്രയെന്ന് പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ;

(ബി) മന്ത്രിമാരുടെ ഔദ്യോഗിക വസതിയുടെയും ഓഫീസിലെയും വൈദ്യുതിചാർജ്ജുകൾ എത്ര വീതമെന്നും പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

റവന്യൂ മന്ത്രിയുടെ വിദേശയാത്രാചെലവ്

1646 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം റവന്യൂമന്ത്രി ശ്രീ. അടൂർ പ്രകാശ് ഏതെല്ലാം രാജ്യങ്ങളിലായി എത്ര വിദേശയാത്രകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) യാത്ര ഏതെല്ലാം മാസങ്ങളിൽ ഏതെല്ലാം ദിവസങ്ങളിലായിരുന്നെന്നും യാത്രകൾ ഔദ്യോഗികവും അനൗദ്യോഗികവുമായത് ഏതെല്ലാമെന്നും പ്രത്യേകം പ്രത്യേകമായി ലഭ്യമാക്കുമോ; മന്ത്രിയെ അനുഗമിച്ചവർ ആരെല്ലാമായിരുന്നു;

(സി) ഏതെല്ലാം യാത്രകൾക്ക് കേന്ദ്ര സർക്കാരിന്റെ പൊളിറ്റിക്കൽ ക്ലിയറൻസ് ലഭിച്ചിട്ടുണ്ടെന്നും ക്ലിയറൻസ് ലഭിക്കാത്തത് എത്രയെന്നും പൊളിറ്റിക്കൽ ക്ലിയറൻസ് ലഭിച്ച റൂട്ടുകളിലൂടെയാണോ യാത്ര നടത്തിയിട്ടുള്ളത് എന്നും അറിയിക്കാമോ; ഇതിന്റെ വിശദാംശങ്ങളും കോപ്പിയും ലഭ്യമാക്കുമോ;

(ഡി) ഔദ്യോഗിക യാത്രകൾ ഏതെല്ലാം രാജ്യത്തെ ഏതെല്ലാം അധികാരികളുടെ ക്ഷണപ്രകാരമായിരുന്നു;

(ഇ) സ്വകാര്യയാത്രകൾ ആരുടെ ക്ഷണപ്രകാരമായിരുന്നു എന്നും ഇതിനായി സർക്കാർ ഖജനാവിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്നറിയിക്കാമോ;

(എഫ്) ഇതുവരെ നടത്തിയ വിദേശയാത്രകളുടെ ചെലവുകൾ എത്രയാണെന്നും അത് ഏതെല്ലാം വകുപ്പിൽ നിന്നുമാണ് ചെലവഴിച്ചതെന്നും യാത്രാചെലവിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>മന്ത്രി മന്ദിരങ്ങൾ മോടിപിടിപ്പിക്കുന്നതിന് ചെലവഴിച്ച തുക</u>

1647 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം മന്ത്രി മന്ദിരങ്ങൾ മോടിപിടിപ്പിക്കുന്നതിനും മറ്റുമായി എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

**കേരള നിയമസഭ**
**17.06.2013–ലെ മറുപടിക്ക്**

<u>അതിഥി സൽക്കാരത്തിനായി ചെലവഴിച്ച തുക</u>

1648 ശ്രീ.കെ.കെ.ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്തെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവർ അതിഥി സൽക്കാരത്തിനായി ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ ടെലിഫോൺ ചാർജ്ജ്

1649 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവരുടെ മൊബൈൽ ഫോൺ ചാർജ്, ഓഫീസ് ഔദ്യോഗിക വസതി എന്നിവിടങ്ങളിലെ ടെലിഫോൺ ചാർജ്ജ് ഇവയ്ക്കായി ചെലവഴിക്കപ്പെട്ട തുക എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ ഡൽഹി സന്ദർശനം</u>

1650 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മേയ് 18 മുതൽ 2013 മേയ് 18 വരെ സംസ്ഥാന മന്ത്രിമാരുടെ ഡൽഹി സന്ദർശനത്തിനായി എത്ര തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ മന്ത്രിമാരും ചെലവഴിച്ച തുകയും സന്ദർശിച്ചതിന്റെ തവണകളും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ ശമ്പളവിവരം</u>

1651 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർ കൈപ്പറ്റിയ ശമ്പളം, അലവൻസ് എന്നിവ എത്രയെന്ന് പ്രത്യേകം ലഭ്യമാക്കുമോ;

(ബി) മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർക്ക് സർക്കാർ അനുവദിച്ച ജീവനക്കാർ എത്രയെന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ വിദേശയാത്രകളും അതിന്റെ ചെലവും</u>

1652 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം മന്ത്രിമാർ എത്ര വീതം വിദേശയാത്രകൾ നടത്തിയിരുന്നു; ഇതിനായി സർക്കാരിന് എത്ര തുക ചെലവായിട്ടുണ്ട്; വിശദാംശം പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ; യാത്രാ ഏജൻസികൾ ആരായിരുന്നു;

(ബി) ഇതിൽ ഔദ്യോഗിക അനൗദ്യോഗിക യാത്രകൾ എത്ര വീതമെന്നും ഓരോയാത്രയും ആരുടെ ക്ഷണപ്രകാരമെന്നും, ഓരോ യാത്രയ്ക്കും പൊളിറ്റിക്കൽ ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോയെന്നും, അത് യാത്രയ്ക്ക് മുമ്പുതന്നെ സമ്പാദിച്ചിരുന്നോ എന്നും വ്യക്തമാക്കുമോ;

(സി) മന്ത്രിമാരുടെ കൂടെ അനുഗമിച്ചവർ ആരൊക്കെ; ഇവരുടെ യാത്രകൂലിയും, അനുബന്ധചെലവുകളും ആരാണ് വഹിച്ചത്; ഇതിന് മൊത്തം എത്ര സാമ്പത്തിക ബാദ്ധ്യത ഉണ്ടായിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്റർ</u>

1653 ശ്രീ. കെ.മുരളീധരൻ
,, വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്റർ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ് എന്ന് വിശദീകരിക്കുമോ;

(സി) തിരഞ്ഞെടുത്ത ഇനങ്ങളിൽ പ്രതിഭയുള്ള കായിക താരങ്ങളെ രാജ്യാന്തര നിലവാരത്തിലേക്ക് പരിശീലിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് സെന്ററിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

<u>കേരള സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട്</u>

1654 ശ്രീ. ലൂഡി ലൂയിസ്
,, സി.പി. മുഹമ്മദ്
,, ഹൈബി ഈഡൻ
,, എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) കായികതാരങ്ങൾക്ക് അന്തർദേശീയ അവസരങ്ങൾ ലഭിക്കുന്നതിനും വിദേശ കായികപരിശീലകരെ ഏർപ്പെടുത്തുവാനും ഈ ഫണ്ട് എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഈ ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>കേരളത്തിൽ നടത്തുന്ന ദേശീയ ഗെയിംസ്</u>

1655 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന ദേശീയ ഗെയിംസിന്റെ ഒരുക്കങ്ങൾ എത്രത്തോളമെത്തി എന്ന് വിശദമാക്കുമോ;

(ബി) ഇതിന് വേണ്ടി ഏതെല്ലാം സ്റ്റേഡിയങ്ങൾ ഇതിനകം നന്നാക്കിയെന്നും ബാക്കി ഏതെല്ലാം നന്നാക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(സി) ദേശീയ ഗെയിംസിനുള്ള തീയതി തീരുമാനിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>'പൈക' പ്രകാരമുള്ള പദ്ധതികൾ</u>

1656 ശ്രീ.എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് 'പൈക' പ്രകാരമുള്ള പദ്ധതികൾക്ക് തെരഞ്ഞെടുത്തിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) 'പൈക' പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങളാണ് നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) 'പൈക' പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ സ്പോർട്സ് വകുപ്പോ, സ്പോർട്സ് കൗൺസിലോ എന്തെങ്കിലും ധനസഹായം അനുവദിക്കുമോ;

(ഡി) 'പൈക', സ്പോർട്സ് വകുപ്പ്, സ്പോർട്സ് കൗൺസിൽ എന്നിവയെ ബന്ധിപ്പിച്ച് അരൂർ നിയോജക മണ്ഡലത്തിലെ വിദ്യാലയങ്ങളേയും, പഞ്ചായത്തുകളേയും ഉൾപ്പെടുത്തി ഒരു പ്രോജക്ട് തയ്യാറാക്കുന്നതിന് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>സർക്കാർ തീയേറ്ററുകളുടെ നവീകരണം</u>

1657 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
'' എ. റ്റി. ജോർജ്
'' ആർ സെൽവരാജ്
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ തീയേറ്ററുകളുടെ നവീകരണവും വികസനവും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ആരുടെയെല്ലാം പങ്കാളിത്തത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ചിട്ടുള്ള പ്രാരംഭ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ചലച്ചിത്ര അക്കാദമിയുടെയും, ചലച്ചിത്ര വികസന കോർപ്പറേഷന്റെയും സിനിമാ നിർമ്മാണം</u>

1658 ശ്രീ.പി.തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ചലച്ചിത്ര വികസന കോർപ്പറേഷന്റെയും ചലച്ചിത്ര അക്കാദമിയുടെയും മേൽനോട്ടത്തിലോ മുതൽമുടക്കിലോ ഈ സർക്കാരിന്റെ കാലയളവിൽ ഇറക്കിയിട്ടുള്ള കലാമൂല്യമുള്ളവയോ, പാരിസ്ഥിതിക വിഷയങ്ങൾ ചർച്ച ചെയ്യുന്നതോ, സാങ്കേതിക മികവ് പ്രകടിപ്പിക്കുന്നതോ ആയ സിനിമകൾ ഏതെല്ലാമാണെന്ന് പറയാമോ; അവയ്ക്ക് ദേശീയ, രാഷ്ട്രാന്തര, സംസ്ഥാന തലങ്ങളിൽ ഏതെങ്കിലും അംഗീകാരങ്ങൾ ലഭിച്ചുവോ എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സിനിമകളുടെ നിർമ്മാണത്തിൽ ചലച്ചിത്ര അക്കാഡമിയുടെയും ചലച്ചിത്ര വികസന കോർപ്പറേഷന്റെയും സാമ്പത്തികമോ അല്ലാത്തതോ ആയ പങ്കെന്തായിരുന്നു എന്ന് വിശദമാക്കുമോ;

(സി) പാരിസ്ഥിതിക വിഷയങ്ങൾ ചർച്ച ചെയ്യുന്നതും, കലാമൂല്യമുള്ളവയുമായ സിനിമകൾ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിലെ നിയമനം</u>

1659 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
'' പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ പി.എസ്.സി. മുഖേന ഇതേ വരെ എത്ര പേരെ നിയമിച്ചിട്ടുണ്ട് എന്നും, അവരുടെ നിയമന തീയതി, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന തസ്തിക എന്നിവ സംബന്ധിച്ച വിശദ വിവരം നൽകാമോ;

(ബി) ഇവരിൽ എത്ര പേർക്ക് സാങ്കേതിക യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള തസ്തികകളിൽ നിയമനം നല്കിയിട്ടുണ്ട് എന്നും ഇവരിൽ ആരെയെങ്കിലും സാങ്കേതിക യോഗ്യത ആവശ്യമില്ലാത്ത തസ്തികകളിൽ നിയമിച്ചിട്ടുണ്ടോ എന്നും അതിന്റെ കാരണം എന്തെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

സാംസ്കാരിക പ്രവര്‍ത്തക ക്ഷേമനിധി

1660 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം സാംസ്കാരിക പ്രവര്‍ത്തക ക്ഷേമനിധി ബോര്‍ഡില്‍ നിന്നും എത്ര തുക സാംസ്കാരിക പ്രവര്‍ത്തകര്‍ക്ക് വിതരണം ചെയ്തു എന്ന് വെളിപ്പെടുത്താമോ;

(ബി) എത്ര പേര്‍ക്കാണ് ഈ ആനുകൂല്യം ലഭ്യമാക്കിയത് എന്ന് വെളിപ്പെടുത്താമോ;

(സി) ഇവയുടെ ജില്ലതിരിച്ചുള്ള കണക്കുകള്‍ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സംവിധായകനെ ആദരിക്കാത്ത നടപടി</u>

1661 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യഭാഷയിൽ 'ബ്യാരി' എന്ന സിനിമ ചെയ്ത് ഏറ്റവും നല്ല സിനിമയ്ക്കുള്ള അവാർഡ് കരസ്ഥമാക്കിയ സുവീരൻ എന്ന മലയാളി സംവിധായകനെ ഇക്കഴിഞ്ഞ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ ആദരിക്കുമെന്ന് സർക്കാർ നൽകിയ ഉറപ്പ് പാലിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 'ബ്യാരി' എന്ന സിനിമ കേരളത്തിൽ പ്രദർശിപ്പിക്കുന്നതിനും സംവിധായകനെ ആദരിക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാന ചലച്ചിത്ര അവാർഡ് ജനകീയമാക്കുന്നതിനുള്ള നടപടി</u>

1662 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചലച്ചിത്ര അവാർഡ് ജനകീയമാക്കുന്നതിന് തീരുമാനമെടുക്കുമോ;

(ബി) കേരളത്തിലെ പ്രേക്ഷകരിൽ നിന്നും അഭിപ്രായ വോട്ടെടുപ്പ് വഴി അവാർഡ് നൽകുന്ന സമ്പ്രദായം പ്രാവർത്തികമാക്കാമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

ഷെട്ടി കമ്മീഷൻ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടി

1663 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോടതി ജീവനക്കാർക്ക് ഷെട്ടി കമ്മീഷൻ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ജീവനക്കാർക്ക് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ പ്രസ്തുത ഇൻക്രിമെന്റ് ജീവനക്കാർക്ക് ലഭ്യമാകും എന്നറിയിക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പുതുതായി സ്ഥാപിക്കുന്ന ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി</u>

1664

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നതിനു വേണ്ടി മുൻഗണനാ ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ പുതിയ മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ജുഡീഷ്യൽ കമ്മീഷനുകൾ</u>

1665 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ജുഡീഷ്യൽ കമ്മീഷനുകളെ നിയമിക്കുകയുണ്ടായി;

(ബി) ഏതെല്ലാം വിഷയങ്ങളിന്മേലാണ് കമ്മീഷനെ നിയമിച്ചത്;

(സി) അതിൽ എത്ര കമ്മീഷനുകൾ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി; പ്രസ്തുത റിപ്പോർട്ടുകൾ സർക്കാരിൽ ലഭ്യമാണോ;

(ഡി) ഓരോ കമ്മീഷൻ റിപ്പോർട്ടിന്മേലുളള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ഏതെല്ലാം ജുഡീഷ്യൽ കമ്മീഷനുകളെയാണ് ഈ സർക്കാർ പിരിച്ചുവിട്ടത്;

(എഫ്) പ്രസ്തുത കമ്മീഷനുകളെ പിരിച്ചുവിടാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ജി) പ്രസ്തുത കമ്മീഷന്റെ ലക്ഷ്യം എന്തായിരുന്നു; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി</u>

T1666 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 13–ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം ആറ്റിങ്ങലിൽ സ്ഥാപിക്കുന്ന അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി എന്ന് പ്രവർത്തിച്ച് തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(ബി) ബഹു. ഹൈക്കോടതിയുടെ അനുമതി ഇതിന് വേണ്ടി ലഭ്യമായിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>പരവൂർ മുൻസിഫ് മജിസ്ട്രേറ്റ് കോടതി സബ്ബ് കോടതിയായി ഉയർത്തണമെന്ന ആവശ്യം</u>

1667 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിലെ പരവൂരിൽ പ്രവർത്തിക്കുന്ന മുൻസിഫ് മജിസ്ട്രേറ്റ് കോടതി സബ്ബ് കോടതിയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നോ; പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

ഹൈക്കോടതിയിലെ ജീവനക്കാരുടെ നിയമനം

1668 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോടതികളിൽ ജീവനക്കാരെ നിയമിക്കുന്നതിന് നിലവിലുള്ള റിക്രൂട്ടിംഗ് രീതി വ്യക്തമാക്കുമോ;

(ബി) ഹൈക്കോടതി ജീവനക്കാരുടെ നിയമനത്തിന് നിലവിലുള്ള റിക്രൂട്ടിംഗ് രീതി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഹൈക്കോടതി ജീവനക്കാരുടെ നിയമനം പി.എസ്.സി. വഴിയാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>അന്തർവകുപ്പുമാറ്റം സംബന്ധിച്ചുള്ള ഉത്തരവുകൾ</u>

1669 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ ക്ലാസ് ഫോർ തസ്തികകളിലൊഴികെ അന്തർവകുപ്പുമാറ്റം നൽകുന്നതിന് അടിസ്ഥാനമായ ഉത്തരവുകൾ ഏതെല്ലാം ;

(ബി) പി.ആന്റ്.എ.ആർ.ഡി വകുപ്പു ഇറക്കിയ ജി.ഒ.(എം.എസ്) 4/6/പി.ഡി., ജി.ഒ.(പി)15/68 പി.ഡി. എന്നീ ഉത്തരവുകൾ ക്യാൻസൽ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് മുതൽ ;

(സി) പൊതുഭരണ വകുപ്പിൽ ഏതെങ്കിലും ഉദ്യോഗസ്ഥന് നോൺ സെക്രട്ടേറിയറ്റ് സർവ്വീസ് ചേർത്ത് സീനിയോരിറ്റി നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) ഇതിന്റെ ഫയൽ നമ്പർ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>നാഷണല്‍ ഇന്‍ഫര്‍മാറ്റിക്ക് സെന്‍ററിന്‍റെ സേവനങ്ങള്‍</u>

1670 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര വിവര സാങ്കേതിക വാര്‍ത്താവിനിമയ മന്ത്രാലയത്തിനു കീഴിലെ നാഷണല്‍ ഇന്‍ഫര്‍മാറ്റിക്ക് സെന്‍ററിന്‍റെ സേവനങ്ങള്‍ സംസ്ഥാന സര്‍ക്കാരിന് ലഭിക്കുന്നുണ്ടോ ;

(ബി) എങ്കില്‍ സംസ്ഥാന സര്‍ക്കാരിന്‍റെയും വകുപ്പുകളുടെയും രഹസ്യ ഫയലുകള്‍ കൈകാര്യം ചെയ്യുന്നതിനായി ഒരു സ്വകാര്യ ഐടി കമ്പനിയെ ചുമതലപ്പെടുത്തിയതിന്‍റെ സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ ;

(സി) ആധാര്‍ കാര്‍ഡുമായി ബന്ധപ്പെട്ട് കേരളത്തിലെ വ്യക്തികളുടെയും കുടുംബങ്ങളുടെയും സ്ഥിതി വിവരങ്ങള്‍ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാരുടെ ആവിഷ്കാരസ്വാതന്ത്ര്യം</u>

1671

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ സർഗ്ഗാത്മക രചനകൾ പ്രസിദ്ധീകരിയ്ക്കുന്നതിന് നിയമംമൂലമുള്ള നിയന്ത്രണങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കേന്ദ്ര സംസ്ഥാന സർവ്വീസുകളിൽ ഉൾപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർക്ക് സമാന നിയന്ത്രണ വ്യവസ്ഥകളാണോ ബാധകമായിട്ടുള്ളത് എന്ന കാര്യം വ്യക്തമാക്കുമോ;

(സി) ജീവനക്കാരുടെ ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാർ മാധ്യമങ്ങളിൽ പ്രസ്താവന നടത്തുന്നതിനുള്ള ചട്ടം</u>

1672 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസുൾപ്പെടെയുള്ള സർക്കാർ ജീവനക്കാർക്ക് മാധ്യമങ്ങളിൽ പരസ്യ പ്രസ്താവന നടത്തുന്നതിന് സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് അനുമതിയില്ലാതെ പോലീസുൾപ്പെടെയുള്ള സർക്കാർ ജീവനക്കാർ മാധ്യമങ്ങളിൽ പരസ്യ പ്രസ്താവന നടത്തിയതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആർക്കൊക്കെ എതിരായാണ് നടപടികൾ സ്വീകരിച്ചിട്ടുളളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം പ്രിയദർശിനി പ്ലാനട്ടേറിയത്തിന്റെ നവീകരണം</u>

1673 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പ്രിയദർശിനി പ്ലാനട്ടേറിയം നവീകരിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കുമോ; സ്കൂളുകളിലെ ശാസ്ത്രവിജ്ഞാന നിലവാരം പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി ശാസ്ത്ര സാങ്കേതിക മ്യൂസിയങ്ങളും പ്ലാനട്ടേറിയങ്ങളും സന്ദർശിക്കുന്നതിനുള്ള പഠനയാത്രകൾ, പാഠ്യവിഷയങ്ങളുടെ ഭാഗമായി ഉൾപ്പെടുത്തുന്നതിനും പ്രസ്തുത പഠനയാത്രകൾക്കാവശ്യമായ ചെലവുകൾ സർക്കാർ വഹിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) വിവിധ ക്ലാസ്സ് നിലവാരത്തിനനുസരിച്ച് രണ്ടു വർഷത്തിലൊരിക്കലെങ്കിലും ശാസ്ത്ര പഠനയാത്രകളും പരിസ്ഥിതി പഠനയാത്രകളും സംഘടിപ്പിക്കുന്നതിന് പാഠ്യപദ്ധതിയിൽ പ്രത്യേക നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുമോ;

(സി) ഇപ്രകാരമുള്ള വിവിധ നിലവാരത്തിനനുസൃതമായ ശാസ്ത്രബോധം ലഭിക്കുംവിധം ശാസ്ത്ര സാങ്കേതിക മ്യൂസിയങ്ങളും നക്ഷത്ര ബംഗ്ലാവുകളും നിരീക്ഷണ കേന്ദ്രങ്ങളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രിയദർശിനി പ്ലാനട്ടേറിയത്തിലെ വിവിധ പ്രദർശനങ്ങൾ ഓൺ ലൈനായി മുൻകൂർ ബുക്ക് ചെയ്ത് കാണുന്നതിന് സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സംവിധാനം അടിയന്തിരമായി ഒരുക്കുമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സുവോളജിക്കല്‍ പാര്‍ക്ക്</u>

1674 ശ്രീ. വര്‍ക്കല കഹാര്‍
,, സി. പി. മുഹമ്മദ്
,, പി. എ. മാധവന്‍
,, ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സുവോളജിക്കല്‍ പാര്‍ക്ക് സ്ഥാപിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദാംശം അറിയിക്കുമോ;

(സി) ഏതെല്ലാം ഏജന്‍സികളാണ് ആയതിന് സഹകരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം കേന്ദ്രസഹായമാണ് ആയതിന് ലഭിക്കുന്നത് ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പരിസ്ഥിതി ദുർബല പ്രദേശത്ത് വീടുവയ്ക്കുന്നതിനും താമസവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള സംവിധാനം</u>

1675 ശ്രീ.ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു പ്രദേശം പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്നും പ്രസ്തുത മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് ഏത് ഏജൻസിയാണെന്നും വ്യക്തമാക്കുമോ;

(ബി) പരിസ്ഥിതി ദുർബല പ്രദേശങ്ങളെ തന്നെ വിവിധ വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ടോയെന്നും ഓരോ വിഭാഗത്തിലും ഉൾപ്പെടുന്ന പ്രദേശങ്ങളിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് ഇതിന്റെ ഭാഗമായി നിർദ്ദേശിക്കപ്പെട്ടിട്ടുളളതെന്നും വ്യക്തമാക്കുമോ;

(സി) കേരളത്തിലെ പരിസ്ഥിതി ദുർബല പ്രദേശങ്ങളായി വിവിധ വില്ലേജുകളെ നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പരിസ്ഥിതി ദുർബല പ്രദേശത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ട പ്രദേശത്ത് കൈവശഭൂമിയുളള സാധാരണ ജനങ്ങൾക്ക് വീടുവയ്ക്കുന്നതിനും താമസവുമായി ബന്ധപ്പെട്ടുളള നിർമ്മാണ പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നതിനുളള സംവിധാനത്തെ സംബന്ധിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>ശാസ്ത്രനയം</u>

1676 ശ്രീ. വി. ഡി. സതീശൻ
,, കെ. അച്ചുതൻ
,, ബെന്നി ബെഹനാൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്രനയം പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) നയത്തിൽ വനവും പരിസ്ഥിതിയും ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ;

(ഡി) പ്രസ്തുത നയത്തിന് അന്തിമരൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പരിസ്ഥിതിക്ക് യോജിച്ച സാങ്കേതിക വിദ്യകൾ</u>

T1677 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

പരിസ്ഥിതിക്ക് യോജിച്ച സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കാനും നടപ്പിലാക്കാനും ഇപ്പോൾ എന്ത് സംവിധാനമാണ് നിലവിലുളളത്. ഇത് എവിടെയെല്ലാമാണെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പരിസ്ഥിതിലോല മേഖലകളിലെ നിയന്ത്രണവും നിരോധനവും</u>

1678 ശ്രീ.സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

പരിസ്ഥിതിലോല മേഖലകളായി പ്രഖ്യാപിക്കുന്ന സ്ഥലങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് നിയന്ത്രണവും നിരോധനവും ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ജീവനക്കാർക്ക് പ്രത്യേക ട്രെയിനിംഗ്</u>

1679 ശ്രീ.ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരാഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് സൗഹാർദ്ദപരമായ സേവനം പൂർണ്ണമായി ഉറപ്പാക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂടുതൽ സൗഹാർദ്ദപരമായ പൊതുജന സേവനം ഉറപ്പാക്കുന്നതിന് നിലവിൽ ജീവനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള പ്രത്യേക പരിശീലന പരിപാടി നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലായെങ്കിൽ പൊതുജനങ്ങളുമായി കൂടുതൽ ബന്ധപ്പെടുന്ന വകുപ്പുകളിലെങ്കിലും ഇത്തരം ട്രെയിനിംഗ് പ്രോഗ്രാമുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജമെന്റ് ഇൻ ഗവൺമെന്റ്

1680 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എം. പി. അബ്ദുൾസ്സമദ് സമദാനി
,, സി. മമ്മൂട്ടി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് നടത്തുന്ന പരിശീലന പരിപാടികൾ വിശദമാക്കുമോ ;

(ബി) വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയുള്ള ഇൻഡക്ഷൻ ട്രെയിനിംഗ് പരിപാടികൾ എന്തെല്ലാമെന്നും കഴിഞ്ഞ അഞ്ചു വർഷത്തിനിടെ സർവ്വീസിൽ പ്രവേശിച്ചവർക്കെല്ലാം ട്രെയിംഗ് നല്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(സി) ഐ.എം.ജിയിൽ നിന്നും പരിശീലനം നേടുന്നവരിൽ ഉണ്ടായിട്ടുള്ള ഗുണപരമായ മാറ്റത്തെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(ഡി) പിന്നോക്ക ന്യൂനപക്ഷക്ഷേമ മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും അനൗദ്യോഗിക പ്രതിനിധികൾക്കും ഐ.എം.ജി. ഏതെങ്കിലും പരിശീലന പരിപടി നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; ഇല്ലെങ്കിൽ അവർക്കായി പരിശീലന പരിപാടി നടപ്പാക്കുമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട്</u>

1681

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് സർവ്വീസിലെയും സബോർഡിനേറ്റ് സർവ്വീസിലെയും ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) ജീവനക്കാരന്റെ സി.ആറിൽ 'ഡി' രേഖപ്പെടുത്തുന്നതിന് മുമ്പ് പ്രസ്തുത ജീവനക്കാരനെ സി.ആർ. കാണിച്ച് ബോധ്യപ്പെടുത്തി ഒപ്പ് വെപ്പിക്കണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) അച്ചടക്ക നടപടികളൊന്നും നേരിട്ടിട്ടില്ലാത്ത ജീവനക്കാരുടെ സി.ആറിൽ ചട്ടവിരുദ്ധമായി 'ഡി' രേഖപ്പെടുത്തുകയും അവരുടെ പ്രൊമോഷൻ തടയുകയും ചെയ്യുന്ന മേലധികാരികളുടെ പേരിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ജീവനക്കാര്‍ക്ക് പെര്‍ഫോമന്‍സ് മോണിറ്ററിംഗ് സിസ്റ്റം</u>

1682 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാര്‍ ജീവനക്കാര്‍ക്ക് പെര്‍ഫോമന്‍സ് മോണിറ്റിംഗ് സിസ്റ്റം ഏര്‍പ്പെടുത്തുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഓരോ വകുപ്പിലും പെര്‍ഫോമന്‍സ് മോണിട്ടര്‍ ചെയ്യുന്നതിനായി ഒരു ഉന്നതതല സമിതിയെ ചുമതലപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ;

(സി) ജീവനക്കാരുടേയും, അധ്യാപകരുടേയും പെര്‍ഫോമന്‍സ് നിരീക്ഷിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങള്‍ ആണ് നിലവിലുള്ളത്; ഓരോ ജീവനക്കാരനും അദ്ധ്യാപകനും പെര്‍ഫോമന്‍സ് ടാര്‍ജറ്റ് നിശ്ചയിച്ചു നല്‍കിയിട്ടുണ്ടോ; ഏത് മാനദണ്ഡം അനുസരിച്ചാണ് ഇത് നിശ്ചയിച്ചു നല്‍കിയിരിക്കുന്നത്;

(ഡി) ആധുനിക സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തില്‍ പെര്‍ഫോമന്‍സ് ടാര്‍ജറ്റ് പുനര്‍നിര്‍ണ്ണയിച്ച് നല്‍കുന്നതിന് ഭരണപരിഷ്കാര കമ്മിറ്റിയെ നിയമിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പൊതുഭരണ, ധനകാര്യ, നിയമ സെക്രട്ടേറിയറ്റുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന നടത്തിയ നിയമനങ്ങൾ</u>

1683 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസം മുതൽ 2013 ജൂൺ 1-ാം തീയതി വരെ പൊതുഭരണ, ധനകാര്യ, നിയമ സെക്രട്ടേറിയറ്റുകളിൽ ഒഴിവു വന്ന പാർട്ട് ടൈം, ഫുൾടൈം സ്വീപ്പർ കം സാനിട്ടേഷൻ, ഗാർഡ്നർ തസ്തികകളുടെ എണ്ണം എത്രയാണെന്ന് വെവ്വേറെ പട്ടികയായി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് അയച്ച കത്തുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) 2011 ജൂൺ 1 മുതൽ 2013 ജൂൺ 1 വരെ പ്രസ്തുത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത രീതിയിൽ നിയമനങ്ങൾ നടത്തിയിട്ടില്ലെങ്കിൽ ആയതു ചെയ്യേണ്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

**കോളേജ് ഹയർ സെക്കൻഡറി അധ്യാപക നിയമനത്തിന് അശാസ്ത്രീയ മാർക്ക് ദാനം**

T1684 ശ്രീ.റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തുന്ന കോളേജ്, ഹയർസെക്കണ്ടറി അധ്യാപക നിയമനങ്ങൾക്കുള്ള പരീക്ഷയിൽ അക്കാദമിക് മാർക്കിന് വെയിറ്റേജ് നൽകി വരുന്നുണ്ടോ;

(ബി) ഉദാരമായി മാർക്ക് ലഭിക്കുന്ന അന്യ സംസ്ഥാനങ്ങളിൽ പഠിക്കുന്നവർക്കും സെമസ്റ്റർ രീതിയിൽ പരീക്ഷയെഴുതിയവർക്കും കൂടുതൽ മാർക്ക് ലഭിക്കുമ്പോൾ മുമ്പ് വാർഷിക സമ്പ്രദായത്തിൽ പഠിച്ച് പരീക്ഷ എഴുതിയവർക്ക് റാങ്ക് ലിസ്റ്റിൽ സ്ഥാനം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അശാസ്ത്രീയമായ മാർക്ക് ദാനത്തിനെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>ലാസ്റ്റ് ഗ്രേഡ് ജീവനക്കാ.ർക്ക് ഗ്രൂപ്പ് സി തസ്തിക
കളിലേക്ക് പ്രമോഷൻ</u>

1685 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അതാത് വകുപ്പിലെ ഗ്രൂപ്പ് സി തസ്തികകളിലേക്ക് പ്രമോഷന് സംവരണം നൽകുന്ന നടപടി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഈ വിഷയത്തിൽ സർക്കാർ ഇത് വരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ</u>

1686 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ 2014 മാർച്ച് വരെ ഉണ്ടാകാൻ സാദ്ധ്യതയുള്ള ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇതിൻപ്രകാരം എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ ജില്ലകളിലെ എൽ.ഡി.ക്ലാർക്ക്, എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി ടീച്ചർമാരുടെ എത്ര ഒഴിവുകളാണ് സൂപ്പർ ന്യൂമററിയായി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

ഒഴിവുകൾ യഥാസമയം പി.എസ്.സി.യെ അറിയിക്കാൻ നടപടി

1687 ശ്രീ.റ്റി.വി.രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പല വകുപ്പുകളിൽ നിന്നും യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിനാൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒഴിവുകൾ യഥാസമയം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>വികലാംഗർക്കുള്ള ബാക്ക്‌ലോഗ് ഒഴിവുകൾ</u>

1688 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1998–2003 കാലയളവിൽ വികലാംഗർക്കുള്ള ബാക്ക്‌ലോഗ് ഒഴിവുകൾ നികത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളുടെ കണക്കുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിനകം എത്ര പേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കാമോ;

(ഡി) ബാക്കിയുള്ളവർക്ക് നിയമനം നൽകാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പി.എസ്.സി. ടെസ്റ്റുകൾ മലയാളത്തിൽ</u>

1689 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യുടെ മുഴുവൻ ടെസ്റ്റുകളും മലയാളത്തിൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ 10-ാം ക്ലാസ്സ് യോഗ്യതയായി വരുന്ന തസ്തികകളിലേയ്ക്കുള്ള ടെസ്റ്റുകൾ പി.എസ്.സി. മലയാളത്തിലാണ് നടത്തിവരുന്നത്. ഡിഗ്രി യോഗ്യതയായി വരുന്ന തസ്തികകൾ വരെ മലയാളത്തിൽ ടെസ്റ്റുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ശ്രേഷ്ഠ ഭാഷയായി അംഗീകരിക്കപ്പെട്ട മലയാളത്തെ പി.എസ്.സി. പരീക്ഷകൾ പൂർണ്ണമായി മലയാളത്തിൽ നടത്തി അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളം നിർബന്ധിത വിഷയമാക്കുന്നതിന് നടപടി</u>

1690 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷകൾ എഴുതുന്നതിന് മലയാളം നിർബന്ധമാക്കികൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ പഠിച്ചവർക്കും, പഠിക്കുന്നവർക്കും പ്രസ്തുത പരീക്ഷകൾ എഴുതാൻ കഴിയാത്തത് രക്ഷിതാക്കളിലും, വിദ്യാർത്ഥികളിലും യുവാക്കളിലും ഉണ്ടാക്കുന്ന ആശങ്ക പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളം നിർബന്ധമായും പഠിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സർവ്വീസിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കാൻ നടപടി</u>

1691 ശ്രീമതി ഗീതാഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുവേണ്ടി നടപ്പിലാക്കിയിരുന്ന സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിലവിലും നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏറ്റവും അവസാനമായി ഈ രീതിയിൽ പട്ടികവർഗ്ഗക്കാർക്ക് സർവ്വീസിൽ നിയമനം നൽകിയത് എപ്പോഴാണ്; ഇപ്രകാരമുള്ള ഏതെങ്കിലും റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ;

(സി) വിവിധ വകുപ്പുകളിൽ പട്ടികവർഗ്ഗക്കാരായവർക്ക് മതിയായ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുമോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

പട്ടികജാതി പട്ടികവര്‍ഗ്ഗ മറ്റ് പിന്നോക്ക സമുദായങ്ങളില്‍പ്പെട്ട വരുടെ നിയമനം

1692 ശ്രീ. കെ.രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം കേരള പബ്ളിക്ക് സര്‍വ്വീസ് കമ്മീഷന്‍ വഴിയുള്ള വിവിധ തസ്തികകളില്‍ എത്ര പട്ടികജാതി പട്ടികവര്‍ഗ്ഗ മറ്റ് പിന്നോക്ക സമുദായങ്ങളില്‍പ്പെട്ടവര്‍ക്ക് നിയമനം നല്‍കിയിട്ടുണ്ടെന്ന് സമുദായം തിരിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് നിര്‍ത്തലാക്കിയ തസ്തികകള്‍</u>

1693 ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് സര്‍ക്കാര്‍ വകുപ്പുകളില്‍ എത്ര തസ്തികകള്‍ നിര്‍ത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പുതുതായി സൃഷ്ടിച്ച തസ്തികകൾ</u>

1694 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും, അവ ഏതെല്ലാം വകുപ്പുകളിലാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സമരത്തിന്റെ ഭാഗമായി സസ്പെന്റ് ചെയ്ത ജീവനക്കാരെ തിരിച്ചെടുക്കുന്നതിന് നടപടി</u>

1695 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

പങ്കാളിത്ത പെൻഷന് എതിരായി ജീവനക്കാർ നടത്തിയ അനിശ്ചിതകാല സമരത്തിന്റെ ഭാഗമായി സസ്പെന്റ് ചെയ്ത ജീവനക്കാരെ അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് തിരിച്ചെടുക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

പി.എസ്.സി. വഴിയുള്ള നിയമന അഡ്വൈസ്

1696 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം കേരള സ്റ്റേറ്റ് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിന് അഡ്വൈസ് നൽകി എന്നത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ ജെ.പി.എച്ച്.എൻ. ഗ്രേഡ് 2 റാങ്ക് ലിസ്റ്റ്</u>

1697

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നിലവിലുള്ള ജെ.പി.എച്ച്. എൻ. ഗ്രേഡ് 2 റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ തസ്തികയിലേക്ക് നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഈ തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് ഏറ്റവുമൊടുവിൽ നിയമനം നടത്തിയത് എന്നാണെന്ന് അറിയിക്കുമോ; നിയമന റൊട്ടേഷന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>മാനദണ്ഡങ്ങൾ പാലിയ്ക്കാതെയുള്ള പൊതുസ്ഥലംമാറ്റം</u>

1698 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനദണ്ഡങ്ങൾ പാലിച്ചുള്ള പൊതുസ്ഥലം മാറ്റ നടപടികളിലൂടെയല്ലാതെ നിരവധി ജീവനക്കാരെ കഴിഞ്ഞ നാലുമാസത്തിനുള്ളിൽ സ്ഥലം മാറ്റിയിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) കേരളത്തിൽ പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയതിനെതിരെ സമരം ചെയ്ത എത്ര ജീവനക്കാരെ ജില്ല വിട്ട് സ്ഥലം മാറ്റിയിട്ടുണ്ട്;

(സി) ഇത്തരം കേസ്സുകൾ രേഖാമൂലം എഴുതിത്തരുന്ന പക്ഷം ബന്ധപ്പെട്ട ജീവനക്കാരെ അവർ ജോലി ചെയ്തിരുന്ന സ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റം നൽകുവാൻ നടപടി സ്വീകരിച്ചുവോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിലെ എൽ.ഡി ടൈപ്പിസ്റ്റ് തസ്തിക</u>

1699 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക നിലവിലുള്ള സ്ഥാപനങ്ങൾ, തസ്തികയുടെ എണ്ണം, നിലവിലുള്ള ഒഴിവ് എന്നിവ വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ;

(ബി) 2008 മുതൽ 2013 മെയ് മാസം വരെയുള്ള റിട്ടയർമെന്റ് വേക്കൻസികൾ എത്രയെന്ന് വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ;

(സി) ഈ കാലയളവിലെ വേക്കൻസികൾ വകുപ്പ് മേധാവികൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെക്ക് നിയമനത്തിനായി പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടും ഇപ്പോഴും ദിവസവേതനാടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചുകളിൽനിന്നും നിയമനം ലഭിച്ചവർ ഏതെങ്കിലും വകുപ്പുകളിൽ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലേക്കുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് മേധാവികളെ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(എഫ്) സർക്കാർ സർക്കുലർ പുറപ്പെടുവിച്ചതിനുശേഷവും എല്ലാ ഒഴിവുകളും കെ.പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് ആ വിവരം ഒരു മാസത്തിനുള്ളിൽ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണ വകുപ്പിനും ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കരണ വകുപ്പിനും സമർപ്പിക്കാത്ത വകുപ്പ് മേധാവികൾ ആരെന്ന് വ്യക്തമാക്കാമോ;

(ജി) ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ്തല നടപടിക്ക് ശുപാർശ ചെയ്യുമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ</u>

1700 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഡിപ്പാർട്ട്മെന്റ് മുഖേന പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേക്കുള്ള നോട്ടിഫിക്കേഷൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അസോസിയേറ്റ് പ്രഫസർ കെമസ്ട്രി തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഈ തസ്തികയിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ ലിഫ്റ്റ് ഓപ്പറേറ്റേഴ്സ് നിയമനം</u>

1701 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ലിഫ്റ്റ് ഓപ്പറേറ്റേഴ്സ് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത തസ്തികയിലേക്ക് വിവിധ വകുപ്പുകളിൽ നിന്നും നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) ജില്ലയിൽ വിവിധ സർക്കാർ ഓഫീസുകളിൽ ലിഫ്റ്റ് ഓപ്പറേറ്റേഴ്സ് തസ്തികയിൽ ദിവസവേതന/കരാർ അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ജോലി നോക്കി വരുന്ന എത്ര പേരുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത തസ്തികയിലേക്കുള്ള ഒഴിവുകൾ അടിയന്തിരമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

വയനാട് എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ്

1702 ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് ഇപ്പോൾ എത്ര മാസമായിയെന്നും എത്ര പേരെ ഈ ലിസ്റ്റിൽ നിന്നും നിയമിച്ചുവെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) ടി ലിസ്റ്റിൽ നിന്നുള്ള നിയമനം മറ്റ് ജില്ലകളിലെ റാങ്ക് ലിസ്റ്റിനെ അപേക്ഷിച്ച് വളരെ സാവധാനമാണ് നടക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ടി തസ്തികയിൽ വിവിധ വകുപ്പുകളിലായി താൽക്കാലിക അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പിൽ എത്ര പേരെ നിയമിച്ചുവെന്ന് വിവരം ലഭ്യമാക്കാമോ;

(ഡി) റാങ്ക് ലിസ്റ്റ് നിലനിൽക്കെ താൽക്കാലിക നിയമനം നടത്തുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

<u>ഡിവിഷണൽ അക്കൗണ്ടന്റ് നിയമനം</u>

1703 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികയിലേക്കുള്ള നിയമനത്തിന് കൂടിക്കാഴ്ച ശേഷം പി.എസ്.സി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഏതെല്ലാം വകുപ്പുകളിലാണ് പ്രസ്തുത നിയമനം നടത്തുന്നതെന്നും അവയിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ;

(സി) നിയമന നിർദ്ദേശം എന്നു മുതൽ നൽകാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>2005 ലെ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്</u>

1704

ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 31.12.2005 – ൽ നിലവിൽ വന്ന അസിസ്റ്റന്റ് ഗ്രേഡ് 2 (സെക്രട്ടേറിയറ്റ്/പി.എസ്.സി./ലോക്കൽ ഫണ്ട് ഓഡിറ്റ്) തസ്തികയിലേയ്ക്കുള്ള പൊതുറാങ്ക് ലിസ്റ്റിൽ നിന്നും വേക്കൻസി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് അലോട്ട് ചെയ്തതിൽ ഏതെങ്കിലും തരത്തിൽ ഉള്ള ക്രമക്കേട് പി.എസ്.സി. യുടെ ഇൻസ്പെക്ഷൻ വിങ്ങ് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ രീതിയിൽ വകുപ്പ് അലോട്ട്മെന്റ് തെറ്റിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) 31.12.2005 – ലെ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും പൊതുഭരണ വകുപ്പിൽ 4.07.2007 വരെ അഡ്വൈസ് ചെയ്യപ്പെട്ടവരുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

ചാലക്കുടിയിൽ പി. എസ്. സി. പരീക്ഷാ സെന്റർ

1705 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

പി. എസ്. സി. ഡിപ്പാർട്ട്മെന്റ് പരീക്ഷകൾക്കായി ചാലക്കുടിയിൽ പരീക്ഷാ സെന്റർ അനുവദിയ്ക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

<u>പി. എസ്. സി. അംഗങ്ങളുടെ എണ്ണം</u>

1706 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ പി.എസ്.സി അംഗങ്ങളുടെ എണ്ണം എത്രയായിരുന്നു; ആയത് ഇപ്പോൾ എത്രയാണ്;

(ബി) എത്ര പേരെയാണ് ഇപ്പോൾ കൂടുതലായി പി.എസ്.സി. അംഗങ്ങളാക്കിയത്; ഇതിന് മുമ്പ് പി.എസ്.സി. അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചത് എന്നാണ്;

(സി) പി.എസ്.സി അംഗങ്ങളുടെ എണ്ണത്തിൽ കേരള സംസ്ഥാനം എത്രാം സ്ഥാനത്താണെന്ന് അറിയാമോ;

(ഡി) ഇപ്പോഴുള്ള പി.എസ്.സി. അംഗവർദ്ധന പ്രകാരം പ്രതിവർഷം ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ നൽകുക വഴി ശരാശരി എത്ര തുകയുടെ അധിക ചെലവാണ് നേരിടേണ്ടി വരുന്നത്; വിശദമാക്കുമോ;

(ഇ) പി.എസ്.സി.യിൽ എത്ര ജീവനക്കാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നു;

(എഫ്) ജീവനക്കാരുടെ തസ്തിക നികത്തുന്നതിന് പകരം പി.എസ്.സി. അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചതുകൊണ്ട് സംസ്ഥാനത്തിനുണ്ടാകുന്ന പ്രയോജനമെന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ജി) മന്ത്രിമാരുടെ എണ്ണത്തെക്കാളും കൂടുതലുള്ള പി.എസ്.സി മെമ്പർമാരുടെ എണ്ണം കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) പി.എസ്.സി. അംഗങ്ങളുടെ നിയമനത്തിന് സ്വീകരിക്കേണ്ട അടിസ്ഥാന യോഗ്യതകൾ എന്തെല്ലാമാണ്;

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

(ഐ) എങ്കിൽ എന്ത് യോഗ്യതകളുടെ അടിസ്ഥാനത്തിലാണ് പുതിയ അംഗങ്ങളെ നിയമിച്ച് ഉത്തരവായത്; ഇവർ ഓരോരുത്തരുടെയും യോഗ്യതാ മാനദണ്ഡവും ഏത് മാനദണ്ഡ പ്രകാരമാണ് ഇവരെ നിയമിച്ച് ഉത്തരവാക്കിയതെന്നും സാമൂഹിക അക്കാദമിക് തലങ്ങളിൽ കഴിവ് തെളിയിച്ചിട്ടുള്ളവരാണോ എന്നതും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട്</u>

1707 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള വിമുക്തഭടന്മാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ എന്തെല്ലാം; വിശദമാക്കാമോ ;

(സി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അനുസരിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>കാസർകോഡ് ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തിക</u>

1708 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലാ സൈനിക ക്ഷേമ ഓഫീസറുടെ തസ്തിക ഏതു തീയതി മുതൽ ഒഴിഞ്ഞു കിടക്കുന്നു;

(ബി) ഇത് നികത്താൻ നടപടികൾ സ്വീകരിക്കാത്തത് എന്തു കൊണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) തസ്തിക നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ചികിത്സാ സഹായം</u>

1709 ശ്രീ. കെ.രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ സഹായം സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കുന്നതോടൊപ്പം തന്നെ തുക ജില്ലാ കളക്ടർമാർക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) അപേക്ഷകർക്ക് ചികിത്സാ ധനസഹായം അനുവദിച്ചുകൊണ്ടുള്ള അറിയിപ്പും തുകയും നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ അപേക്ഷകർക്ക് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>വൈപ്പിൻ നിയോജക മണ്ഡലത്തിൽ അപകടങ്ങളിൽപ്പെട്ട് മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം</u>

1710 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വൈപ്പിൻ നിയോജക മണ്ഡലത്തിൽ അപകടങ്ങളിൽപ്പെട്ട് മരിച്ചവരുടെ ആശ്രിതർക്ക് എത്ര ലക്ഷം രൂപയുടെ ധനസഹായം നൽകിയിട്ടുണ്ടെന്ന് രേഖാമൂലം വ്യക്തമാക്കാമോ;

(ബി) ലഭിച്ച മുഴുവൻ അപേക്ഷകൾക്കും തുക അനുവദിച്ചിട്ടുണ്ടോ; ഇനി എത്ര പേർക്ക് തുക അനുവദിക്കുവാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ധനസഹായം നൽകിയിട്ടുള്ളവരുടെ പേരും അഡ്രസ്സും അനുവദിച്ച തുക എത്രയെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പരാതി കേൾക്കുന്നത് അവകാശമാക്കുന്നത്</u>

1711

ശ്രീ. റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരാതി കേൾക്കുന്നത് അവകാശമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) സർക്കാരിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ കേൾക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനുള്ള നിയമനിർമ്മാണ പ്രക്രിയ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നിയമനിർമ്മാണത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

### സേവന അവകാശ നിയമം

1712 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. കെ. രാജു
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവന അവകാശ നിയമം നിലവിൽ വന്നതെന്നാണ്; എല്ലാ വകുപ്പുകളും അവർ നൽകുന്ന സേവനങ്ങളെക്കുറിച്ച് എത്ര കാലാവധിക്കുള്ളിൽ വിജ്ഞാപനം നടത്തണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ ആഫീസുകളിലും നൽകുന്ന സേവനങ്ങളെക്കുറിച്ചും ആഫീസർമാരുടെ വിവരങ്ങൾ എന്നിവയെ സംബന്ധിച്ചും പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എല്ലാ ആഫീസുകളിലും വിവരങ്ങൾ പ്രദർശിപ്പിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സേവനാവകാശ നിയമത്തിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന വകുപ്പ് ഏതാണ്; ഏതെങ്കിലും വകുപ്പുകൾ ഈ നിയമം നടപ്പാക്കിയതു സംബന്ധിച്ച വിവരം ഈ നോഡൽ ഏജൻസിയുടെ കൈവശമുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

ചികിൽസാ ധനസഹായത്തിനുള്ള കാലതാമസം

1713 ശ്രീ.സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകൾ വഴി മുഖ്യമന്ത്രിയുടെ ചികിത്സ ധനസഹായം വിതരണം ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ഓരോ മാസവും വിതരണം ചെയ്ത ചികിത്സ ധനസഹായത്തിന്റെ വിശദാംശം അതാതു മാസത്തിന്റെ അവസാനം തഹസീൽദാർ വഴി എം.എൽ.എ മാർക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>ശ്രീ. റ്റി. റ്റി. തോമസിനെ ദേശീയ ധീരത പുരസ്കാരത്തിന് പരിഗണിക്കാൻ നടപടി</u>

1714 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തകഴി ഗ്രാമപഞ്ചായത്തിൽ തെക്കേതലയ്ക്കൽ വീട്ടിൽ ശ്രീ. റ്റി. റ്റി. തോമസിന് ദേശീയ ധീരതയ്ക്കുള്ള പുരസ്ക്കാരത്തിന് ആലപ്പുഴ ജില്ലാ കളക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ച ഫയലിന്മേൽ (N5-41407/12, Dated 03.01.2013) എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ശ്രീ. റ്റി. റ്റി. തോമസിന് ദേശീയ ധീരതയ്ക്കുള്ള പുരസ്കക്കാരത്തിന് ശുപാർശ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

നദീജല തർക്കങ്ങൾ പരിഹരിക്കുന്നതിനായി നടത്തിയ ചർച്ചകൾ

1715 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളവും അയൽ സംസ്ഥാനങ്ങളും തമ്മിലുള്ള നദീജല തർക്കങ്ങൾ പരിഹരിക്കുന്നതിനായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തർക്കത്തിൽ കക്ഷികളായിട്ടുള്ള സംസ്ഥാനങ്ങളുമായി നടത്തിയ ചർച്ചകളെ സംബന്ധിച്ചും കത്തിടപാടുകളെ സംബന്ധിച്ചും ഉള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതര സംസ്ഥാനങ്ങളുമായി ഈ കാലയളവിൽ എത്ര ചർച്ചകൾ നടന്നുവെന്നും ഓരോ ചർച്ചകളും എവിടെ വച്ചാണു നടന്നതെന്നും കേരളത്തെ പ്രതിനിധീകരിച്ചും മറ്റു സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ചും പ്രസ്തുത ചർച്ചകളിൽ പങ്കെടുത്തവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ചർച്ചകളിലെ അഭിപ്രായങ്ങളുടെയും, നിർദ്ദേശങ്ങളുടെയും സംഗ്രഹം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>നദീജലതര്‍ക്കം സംബന്ധിച്ച വാര്‍ത്താച്ചോര്‍ച്ച</u>

1716 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

അന്തര്‍ സംസ്ഥാന നദീജല തര്‍ക്കവുമായി ബന്ധപ്പെട്ട കേസുകളിലെ വിവരങ്ങള്‍ സെക്രട്ടേറിയറ്റില്‍നിന്നും തമിഴ്നാട് ഉദ്യോഗസ്ഥന്‍ ചോര്‍ത്തിയതുമായി ബന്ധപ്പെട്ട ഇന്റലിജന്‍സ് റിപ്പോര്‍ട്ടില്‍ തമിഴ്നാടിന് അനുകൂലമായി ചില മലയാളപത്രങ്ങള്‍ വാര്‍ത്തകള്‍ പ്രസിദ്ധീകരിച്ചുവെന്ന പരാമര്‍ശം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ഇന്ത്യയിൽ മരുഭൂമിവത്ക്കരണം</u>

1717 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
,, പി. ഉബൈദുള്ള
,, സി. മമ്മൂട്ടി
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ മരുഭൂമിവത്ക്കരണം ആപത്കരമായ വിധം നടക്കുന്നു എന്ന കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ റിപ്പോർട്ടിനെ സംബന്ധിച്ച് എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്താമോ;

(ബി) മരുഭൂമിവത്ക്കരണ സാദ്ധ്യത സൃഷ്ടിക്കുന്ന കാരണങ്ങളിൽ സംസ്ഥാനത്തിന്റെ പങ്ക് എത്രത്തോളമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ സ്വീകരിക്കുന്ന പ്രതിരോധ/പരിഹാര നടപടികൾ എന്തെല്ലാമാണെന്ന് അന്വേഷിച്ച് വിശദവിവരം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>വനം വകുപ്പിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ</u>

1718 ശ്രീ. കെ. ശിവദാസൻ നായർ
,, എം.എ. വാഹീദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ആയതിനായി അദാലത്തുകൾ സംഘടിപ്പിക്കുന്നത് പരിഗണിക്കുമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>വനം വകുപ്പിലെ പെൻഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് പദ്ധതി</u>

1719 ശ്രീ. ഹൈബി ഈഡൻ
,, പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ പെൻഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തൊക്കെ; വിശദാംശം ലഭ്യമാക്കുമോ;

(സി) ആയതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പെരുവണ്ണാമൂഴി വനമേഖലയിൽ ഇരുമ്പ് ഖനനം</u>

1720 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചക്കിട്ടപാറ പഞ്ചായത്തിലെ പെരുവണ്ണാമൂഴി വനമേഖലയിൽ ഇരുമ്പ് ഖനനം നടത്തുവാൻ അനുമതി നൽകിയിട്ടുണ്ടോ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത മേഖല വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചിട്ടുളളതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഖനനം നടത്തുന്നതിന് ഭൂമി ഏറ്റെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ഡി) ഏത് ഏജൻസിയെയാണ് ഖനനം നടത്തുവാൻ ചുമതലപ്പെടുത്തിയിട്ടുളളത്;

(ഇ) ഖനനം നടത്തുന്നതിന് പ്രസ്തുത പ്രദേശത്തെ വന്യജീവി സങ്കേത പട്ടികയിൽ നിന്ന് ഒഴിവാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

നെല്ലിയാംപതി മിറാഫ്ളോർ എസ്റ്റേറ്റ് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

1721 ശ്രീ. ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാംപതിയിലെ ലീസ് എഗ്രിമെന്റ് ലംഘിച്ചതിന്റെ പേരിൽ സർക്കാർ എറ്റെടുത്ത മിറാഫ്ളോർ എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ നൽകാതെയുണ്ടോ;

(ബി) സർക്കാർ ഏറ്റെടുത്തപ്പോൾ എത്ര തൊഴിലാളികൾ ജോലി ചെയ്തിരുന്നു; വിശദമാക്കുമോ;

(സി) മുൻപ് ജോലി ചെയ്തിരുന്ന എത്ര പേർക്ക് കെ.എസ്.എഫ്.ഡി.സി യുടെ കീഴിൽ ജോലി നൽകിയിട്ടുണ്ട്;

(ഡി) ശേഷിക്കുന്ന തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അടിയന്തിരമായി നൽകുന്നതിന് വനം വകുപ്പ് ഇടപെട്ട് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>നെല്ലിയാംപതിയിലെ മിറാഫ്ളോർ എസ്റ്റേറ്റിലെ റിസോർട്ടിന്റെ അറ്റകുറ്റപ്പണികൾ</u>

1722 ശ്രീ. ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഏറ്റെടുത്ത നെല്ലിയാംപതിയിലെ മിറാഫ്ളോർ എസ്റ്റേറ്റിലെ റിസോർട്ടിനായി പണിത കെട്ടിടങ്ങൾ ആവശ്യമായ അറ്റകുറ്റപ്പണികൾ ഇല്ലാതെ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 06.02.2011 നു ശേഷം പ്രസ്തുത എസ്റ്റേറ്റിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് വനം വകുപ്പ് എന്ത് തുക അനുവദിച്ചു;

(സി) കെട്ടിടങ്ങൾക്ക് അവശ്യ അറ്റകുറ്റപ്പണികൾ നടത്തി അവയിൽ നേച്ചർ ക്ലബ്ബുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>വനാതിർത്തിയിൽ താമസിക്കുന്ന ഗോത്ര വർഗ്ഗങ്ങളുടെ സുരക്ഷ</u>

1723 ശ്രീ.ഹൈബി ഈഡൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനവാസികളുടേയും വനാതിർത്തിയിൽ താമസിക്കുന്ന സമൂഹങ്ങളുടേയും കഷ്ടനഷ്ടങ്ങൾ കുറയ്ക്കുവാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ആയതിനായി വന്യജീവി ശല്യമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്ര വർഗ്ഗ കർഷരെ സ്വമേധയാ മാറി പാർക്കുന്നത് പ്രോത്സാഹിപ്പിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വനത്തിനുള്ളിലെ ഗോത്ര വർഗ്ഗക്കാരും മറ്റ് സെറ്റിൽമെന്റുകളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ഉറപ്പ് വരുത്തുന്നതിന് പരിശ്രമങ്ങൾ തുടരുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>വന്യജീവി ആക്രമണം തടയുന്നതിന് 'റാപ്പിഡ് റെസ്പോൺസ്' ടീം</u>

1724 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന ജനവാസ കേന്ദ്രങ്ങളിൽ വന്യജീവി ആക്രമണം തടയുന്നതിന് രൂപീകരിച്ച 'റാപ്പിഡ് റെസ്പോൺസ്' ടീമിന്റെ വിവിധ യൂണിറ്റുകൾ ഏതെല്ലാം; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ടീമിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ;

(സി) പ്രസ്തുത ടീമിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് റെസ്പോൺസ് ടീമുകളെ വിന്യസിക്കുന്നത് പരിഗണിക്കുമോ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

<u>കൃഷിഭൂമിയിൽ വന്യമൃഗങ്ങളുടെ ആക്രമണം</u>

1725 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനമേഖലയോടു ചേർന്നുകിടക്കുന്ന കൃഷിഭൂമിയിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷി വ്യാപകമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും കൃഷിയേയും ജനങ്ങളേയും സംക്ഷിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) മയിലുകളുടെ വംശവർദ്ധനമൂലം നാട്ടിൻപുറങ്ങളിൽ കൃഷിനാശം വ്യാപകമായ സാഹചര്യത്തിൽ പരിഹാരം കാണുവനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) മയിലുകളുടെ വംശവർദ്ധനയെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള സർവ്വേകൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

വന്യമൃഗങ്ങൾ കാർഷിക വിളകൾ നശിപ്പിക്കുന്നതിന്
നഷ്ടപരിഹാരം

1726 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ കാർഷിക വിളകൾ വ്യാപകമായി നശിപ്പിക്കുന്നതുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാർഷിക വിളകൾ നശിപ്പിക്കപ്പെടുന്നതിന് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ ;

(സി) കാർഷിക വിളകൾ നശിപ്പിക്കപ്പെടുന്ന കൃഷിക്കാർക്ക് നൽകി വരുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുവാനും വർദ്ധിപ്പിച്ച തുക സമയബന്ധിതമായി ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>വിളകളെ വന്യജീവികളിൽ നിന്നും സംരക്ഷിക്കുന്ന പദ്ധതികൾ</u>

1727 ശ്രീ. ബെന്നി ബെഹനാൻ
,, പി. എ. മാധവൻ
,, എം. എ. വാഹീദ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകരേയും അവരുടെ വിളകളെയും വന്യജീവികളിൽ നിന്നും സംരക്ഷിക്കുന്നത് ഉറപ്പാക്കുന്നതിന് പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

ആതിരപ്പള്ളി ടൂറിസം മേഖലയിലെ പ്രവേശന ഫീസ്

1728 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആതിരപ്പള്ളി ടൂറിസം മേഖലയിൽ പ്രവേശന ഫീസ്, പാർക്കിംഗ് ഫീസ് തുടങ്ങിയ ഇനത്തിൽ വി.എസ്.എസ്സിന് ലഭിക്കുന്ന തുകയുടെ നിശ്ചിത ശതമാനം ആതിരപ്പളളി–വാഴച്ചാൽ–തുമ്പൂർമുഴി ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലിന് (ഡി.എം.സി.) നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ നിന്നു ലഭിയ്ക്കുന്ന പണം, അടിസ്ഥാന ടൂറിസം വികസനത്തിനായും, വി.എസ്.എസ്സിന്റെ വിവിധ ആവശ്യങ്ങൾക്കായും വിനിയോഗിക്കുന്നതിനുപകരം കെ.എഫ്.ഡി.സി യ്ക്കു കൈമാറുന്നതിനായി നീക്കം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കുന്നതിനും, മുഴുവൻ പണവും വി.എസ്.എസ്സ്. ടൂറിസം വികസനം എന്നിവയ്ക്കായി ചെലവഴിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

കോഴിക്കോട്ടെ അർബൻ ഫോറസ്ട്രി പദ്ധതി

1729 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ അർബൻ ഫോറസ്ട്രി പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>വഴിയോര തണൽമരങ്ങളിൽ ആണി തറച്ച് ബോർഡുകൾ സ്ഥാപിക്കുന്നതിനെതിരെ നടപടി</u>

1730 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വഴിയോര തണൽമരങ്ങളിൽ ആണി തറച്ച് ബോർഡുകൾ സ്ഥാപിക്കുന്നത് മൂലം മരങ്ങൾ നശിച്ച് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ;

(ഡി) വഴിയോര തണൽമരങ്ങൾ നശിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളിലേർപ്പെടുന്നവരെ പിഴ ചുമത്തി ശിക്ഷിക്കുന്നതിന് ഉത്തരവിറക്കുമോ?

# കേരള നിയമസഭ
## 17.06.2013–ലെ മറുപടിക്ക്

<u>വനം വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ ശോച്യാവസ്ഥ</u>

1731 ശ്രീ.കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വനംവകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ റോഡുകൾ അവസാനമായി പുതുക്കി പണിതത് ഏത് വർഷത്തിലാണ്; വ്യക്തമാക്കുമോ?